# ആഗോളവൽക്കരണം അനിവാര്യമോ?

## ആഗോളവത്കരണം പാഠം 2- മുൻ ലക്കം തുടർച്ച

ഇക്കാലത്ത് എല്ലാവരും തന്നെ പറയുന്ന ഒരു വാക്കാണല്ലോ ആഗോളവൽക്കരണം. ലോകത്തിനാകെ അഥവാ നമ്മുടെ ഭൂമിയെന്ന ഗോളത്തിനാകെ മാറ്റം വരുത്തുന്ന ഒന്നായിട്ടാണ് ഇതിനെ പലരും കാണുന്നത്. സാമൂഹിക സാമ്പത്തിക ബന്ധങ്ങളും സ്ഥാപനങ്ങളും ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വിപ്ലവകരമായി മാറും. ഇത് നമ്മുടെ ചിന്തയിലും നയരൂപീകരണത്തിലും രാഷ്ട്രീയപ്രവർത്തനങ്ങളിലും പ്രാധാന്യം നേടിയിരിക്കുന്നു. ലോകമാകെ ഒരൊറ്റ കമ്പോളമായിരിക്കുന്നു. ഈ കമ്പോളത്തിൽ ഉൽപ്പന്നങ്ങളും മൂലധനവും സാങ്കേതിക വിദ്യയും അറിവുകളും സ്വതന്ത്രമായി ഒഴുകിയെത്തുന്നു. ഇതുവഴി സാംസ്കാരികമൂല്യങ്ങളിൽ കാര്യമായ വ്യത്യാസം സംഭവിക്കുന്നു. ഈ കൊള്ളക്കൊടുക്കലുകളിലൂടെ മാനവരാശിക്കാകെ നേട്ടമുണ്ടാകുന്നു. യന്ത്രവൽക്കരണം വ്യാപകമായപ്പോൾ (വ്യവസായവിപ്ലവം) സമൂഹത്തിലാകെയുണ്ടായ മാറ്റത്തിനു സമാനമായിട്ടാണ് ഇതിനെ ഇക്കൂട്ടർ വിലയിരുത്തുന്നത്. ഉൽപ്പാദന ശക്തികളിലുണ്ടായ വളർച്ച അന്ന് ജീവിതത്തിന്റെ സമസ്തമേഖലകളേയും സ്വാധീനിക്കുകയുണ്ടായല്ലോ. ഇപ്പോഴും ശാസ്ത്രസാങ്കേതികവിദ്യയിലുണ്ടായ കുതിച്ചുചാട്ടം(കമ്പ്യൂട്ടർ, വാർത്താവിനിമയം തുടങ്ങിയവയിൽ വിശേഷിച്ചുമുണ്ടായത് ) മൂലമാണ് ഈ ആഗോളകമ്പോളം രൂപപ്പെട്ടതെന്നും ഇത് തീർത്തും സ്വാഭാവികമായ ഒരു പ്രക്രിയയാണെന്നുമാണ് ഇവർ പറയുന്നത്. അതുകൊണ്ടുതന്നെ ഇത് ഒഴിവാക്കാനാവില്ല. അനിവാര്യമായ പ്രക്രിയയെന്ന ഈ ഉറച്ച വിശ്വാസത്തിന് പ്രത്യയശാസ്ത്രപരമായ അടിത്തറയില്ലെങ്കിലും സാമാന്യബോധത്തെ കീഴ്പെടുത്താനാകുന്നുണ്ട്. സ്വതന്ത്രകമ്പോളമാണ് പ്രകൃതിനിയമമെന്ന് സ്ഥാപിക്കുകയാണ് ഇവർ. എന്നാൽ ഈ പ്രക്രിയ ഓരോ രാജ്യത്തേയും വ്യത്യസ്ഥമായ രീതിയാലാണ് ബാധിക്കുന്നതെന്ന കാര്യം ആർക്കും നിഷേധിക്കാനാവില്ല. ചില രാഷ്ട്രങ്ങൾക്ക് വൻവളർച്ചയുണ്ടാകുമ്പോൾ പലർക്കും വൻതകർച്ചയാണുണ്ടാകുന്നത്. എന്നാൽ ഇതു സംഭവിക്കുന്നത് അതതു രാജ്യങ്ങളുടെ ആഭ്യന്തരപ്രശ്നങ്ങൾ കൊണ്ടെന്നാണ് ഇതിനെ പിന്തുണയ്ക്കുന്നവർ വാദിക്കുന്നത്. ഈ പ്രകൃതിപ്രതിഭാസത്തിനനുസരിച്ച് സ്വയം പരുവപ്പെടാൻ കഴിയുന്നവർക്ക് നേട്ടമുണ്ടാകും. അപ്പോൾ ഈ പ്രതിഭാസത്തെ മെരുക്കിയെടുത്ത് സ്വയം വളരാം. ഈ നിലപാട് ഏതാണ്ട് വിധിവാദത്തിന്റെയടുത്തുവരെ എത്തിനിൽക്കുന്ന ഒന്നാണ്.

എന്നാൽ ഈ വീക്ഷണത്തെ അംഗീകരിക്കാത്ത ഒരു വിഭാഗമുണ്ട്. ഇത് ഒരു സ്വഭാവികപ്രക്രിയ (process) അല്ലെന്നും ആസൂത്രിത പദ്ധതി(project)ആണെന്നുമാണ് ഇവരുടെ നിലപാട്. ഈ പദ്ധതി തയ്യാറാക്കുന്നവരുടെ താൽപ്പര്യത്തിനനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നതെന്നതിനാൽ അവർക്കിത് അനുകൂലമാകും. അല്ലാത്തവർക്ക് പ്രതികൂലവും. 'ആഗോളവൽക്കരണം' എന്ന വാക്കുതന്നെ ഈ പദ്ധതിക്കു യോജിച്ചതല്ലെന്നും 'സാമ്രാജ്യത്വം' എന്നോ 'പുത്തൻ സാമ്രാജ്യത്വ'മെന്നോ വിളിക്കുന്നതാകും ശരിയെന്നും ഇവർ പറയുന്നു. ഈ പദ്ധതി ലോകത്തിൽ എങ്ങനെ നടപ്പാക്കുന്നുവെന്നും അതിനു വേണ്ട ഉപകരണങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഘടന തന്നെ ഇതിനുതെളിവാണെന്നും ഇവർക്കഭിപ്രായമുണ്ട്. ഈ സ്ഥാപനങ്ങൾ ഒരു ശൃംഗല പോലെയാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് ഇന്ന് ലോകത്തിന്റെ സമ്പത്തും സാങ്കേതിക വിദ്യയും കൈവശം വെച്ചിട്ടുള്ളവരാണ്. 'ആഗോളധനശൃംഗല'യെന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ സ്ഥാപനങ്ങളെ ഒന്നു പരിചയപ്പെട്ടിരിക്കേണ്ടതുണ്ട്.

### ആഗോളകളിക്കാർ

**(ബ്രട്ടൻ വുഡ്സ് സ്ഥാപനങ്ങൾ)**

ലോകത്തിന്റെ ഏതുഭാഗത്തും മൂലധനമിറക്കാൻ കഴിവുള്ള സ്ഥാപനങ്ങളെയാണ് ബഹുരാഷ്ട്ര കോർപറേഷനുകൾ(എം. എൻ. സി)അഥവാ രാഷ്ട്രാന്തരീയ കോർപറേഷനുകൾ(ടി. എൻ. സി)എന്ന വിളിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ വ്യാപാരവിഭാഗമായ അൺക്ടാഡ്(unctad)പറയുന്നതനുസരിച്ച് 2001ൽ ലോകത്താകെ 37,000ത്തോളം സ്ഥാപനങ്ങൾ ഈ വിഭാഗത്തിലുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനു വേണ്ടി ലോകബാങ്ക്, അന്താരാഷ്ട്ര നാണയനിധി(ഐ. എം. എഫ്) ഇവയുടെ തന്നെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളവയും അല്ലാത്തവയുമായ അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം പ്രവർത്തിക്കുന്നു. ഇതിന്റെ നയങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുന്നതിന് ധനികരാഷ്ട്രങ്ങളുടെ പല വേദികളുമുണ്ട്. ഏറ്റവും ധനികരായ യു. എസ്, യു. കെ(ബ്രിട്ടൻ), ഫ്രാൻസ്, ജർമ്മനി, ഇറ്റലി, കാനഡ, ജപ്പാൻ എന്നീ രാഷ്ട്രങ്ങളുടെ സംഘാടനയായ ജി-7 എന്നതാണ് പ്രധാനമായ ഒന്ന്. ലോകസാമ്പത്തികഫോറം(WEF) ത്രിരാഷ്ട്രകമ്മീഷൻ മുതലായവയും ഇതിൽ പെടുന്നു.




ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവ ലോകബാങ്കും അന്താരാഷ്ട്ര നാണയനിധിയും തന്നെയാണ്. ഇവയെ ബ്രട്ടൻ വുഡ്സ് സ്ഥാപനങ്ങളെന്നും ഈ നയങ്ങളെ ബ്രട്ടൻ വുഡ്സ് നയങ്ങളെന്നും പലരും വിശേഷിപ്പിക്കാറുണ്ട്. രണ്ടാംലോക മഹായുദ്ധത്തിന്റെ അന്തിമഘട്ടമായപ്പോഴേക്കും ലോകത്ത് വലിയൊരു മാറ്റം നടക്കാൻ പോകുന്നുവെന്ന് സാമ്രാജ്യാധിപതികളായ രാഷ്ട്രങ്ങൾക്കെങ്കിലും തോന്നിത്തുടങ്ങിയിരിക്കുന്നു. യുദ്ധത്തിൽ ഏറ്റവും വലിയ നാശമുണ്ടായത് യൂറോപ്പിനാണ്.(ഹിരോഷിമയും നാഗസാക്കിയും ഒഴിവാക്കിയാൽ!)വിശേഷിച്ചും പടിഞ്ഞാറൻ യൂറോപ്പിന്. ഇവിടത്തെ പുനർനിർമ്മാണപ്രവർത്തനങ്ങൾക്ക് വേണ്ടി പാശ്ചാത്യശക്തികൾ വളരെയേറെ ചിന്തിച്ചു രൂപപ്പെടുത്തിയതാണ് ലോകബാങ്കും അന്താരാഷ്ട്രനാണയനിധിയും. 1944 ജൂലായ് ഒന്നിന് അമേരിക്കയിലെ ന്യൂഹാംപ്ഷയറിൽ ബ്രട്ടൻ വുഡ്സ് എന്ന സ്ഥലത്ത് താരതമ്യേന മെച്ചപ്പെട്ട 44 രാജ്യങ്ങളിലെ പ്രതിനിധികൾ സമ്മേളിച്ചാണ് ഈ തീരുമാനമെടുത്തത്. യൂറോപ്പിന്റെ പുനർനിർമ്മാണമായിരുന്നു അന്നത്തെ മുഖ്യ അജണ്ടയെങ്കിൽ, ഇന്ന് ഈ സ്ഥാപനങ്ങൾ ലോകത്തിലെ മിക്കരാജ്യങ്ങൾക്കും വായ്പ നൽകുന്ന ഒന്നായി വളർന്നുകഴിഞ്ഞു.

1946 മാർച്ച് 8 മുതൽ 18 വരെ ജോർജിയയിലെ സാവന്നയിൽ ചേർന്ന ഗവർണർ (ബാങ്കിന്റെ)മാരുടെ യോഗത്തിൽ വെച്ചാണ് ലോകബാങ്കും ഐ. എം. എഫും ഔപചാരികമായി നിലവിൽ വന്നത്. അന്നു പിരിച്ചെടുത്ത മൂലധനം 767 കോടി ഡോളറായിരുന്നു. ആദ്യ വായ്പ നൽകിയത് ഫ്രാൻസിനായിരുന്നു. 1947 മെയ് ഒമ്പതിനു നൽകിയ ആ വായ്പ 256 കോടി ഡോളറിന്റേതായിരുന്നു. ഇന്നും ഡോളർകണക്കിൽ അതുതന്നെയാണ് ഏറ്റവും വലിയ ഒറ്റ വായ്പതുക. ദേശീയസ്വാതന്ത്ര്യം നേടിയ മൂന്നാംലോക രാജ്യങ്ങളുടെ നിയന്ത്രണമെന്നത് എന്നും സാമ്രാജ്യരാജ്യങ്ങളുടെ ആവശ്യമായിരുന്നു. മൂന്നാംലോകത്തുനിന്ന് ആദ്യം വായ്പ വാങ്ങിയത് ചിലിയാണ്(ലാറ്റിൻ അമേരിക്ക). 1948 മാർച്ചിൽ 1.48 കോടി ഡോളറായിരുന്നു വായ്പതുക. 1950ൽ പിന്നീട് വായ്പ കിട്ടിയ രാജ്യമാണ് എത്യോപ്യ(ആഫ്രിക്ക). രണ്ടു ഗഡുക്കളിലായി എഴുപതുലക്ഷം ഡോളർ(ഈ രണ്ടു രാജ്യങ്ങൾക്കും പിന്നീടെന്തു സംഭവിച്ചുവെന്ന കാര്യം നമുക്ക് നന്നായറിയാം). 1959ൽ ഇന്ത്യയുടെ വ്യാപാര അടവുശിഷ്ട(ബാലൻസ് ഓഫ് പെയ്മെന്റ്)ത്തിൽ കമ്മി വന്നപ്പോഴാണ് ആദ്യമായി ലോകബാങ്കിന്റെ ചർച്ചാവിഷയമായത്. 1960ൽ സിന്ധുനദീജലവിഭജനക്കരാറിൽ ഇന്ത്യയും പാക്കിസ്ഥാനും ലോകബാങ്കും ഒപ്പുവെച്ചു. ഇന്ത്യയിലെയും പാക്കിസ്ഥാനിലേയും പ്രകൃതിവിഭവങ്ങളിൽ ലോകബാങ്ക് നടത്തിയ ആദ്യ ഇടപെടലാണിത്.

പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ലോകബാങ്ക് അതിന്റെ കീഴിൽ ഒട്ടേറെ സ്ഥാപനങ്ങൾ ആരംഭിച്ചു. 10കോടി ഡോളർ മൂലധനത്തോടെ 1956ൽ അന്താരാഷ്ട്ര ധനകാര്യ കോർപറേഷൻ(ഐ.എഫ്.സി) ആണ് അതിലൊന്ന്. അതിനുമുമ്പുതന്നെ അന്താരാഷ്ട്ര വികസന അസോസിയേഷൻ(ഐ. ഡി. എ)സ്ഥാപിതമായിരുന്നു. പിന്നീട് പലപ്പോഴും സാമ്പത്തിക ഇടപാടുകൾ നടത്തിയത് ഈ സ്ഥാപനങ്ങളാണ്. 1962ൽ ഫിലിപ്പൈൻസിനും ടുണീഷ്യക്കും വിദ്യാഭ്യാസ വികസനത്തിന് പണം നൽകിയത് ഐ. ഡി. എയാണ്. മൂന്നാംലോകത്തിൽ മുതൽ മുടക്കുമ്പോൾ ബഹുരാഷ്ട്രസ്ഥാപനങ്ങൾ തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി 1966ൽ തർക്കപരിഹാരകേന്ദ്രം (ഐസി. എസ്. ഐഡി)സ്ഥാപിച്ചു. ഇതിന്റെ പ്രസിഡന്റായി നിയമിക്കപ്പെട്ട മൊഹമ്മദ് ഷെയിബ് ആണ് ഈ പദവിയിലെത്തുന്ന ആദ്യ മൂന്നാം ലോകപൗരൻ. 1971ൽ ജപ്പാൻ ഒരു ലോകസാമ്പത്തിക ശക്തിയായി ഉയർന്നുവന്ന് പ്രധാന അഞ്ച് ഓഹരി ഉടമകളിൽ ഒന്നായും എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കാൻ അധികാരമുള്ള രാജ്യമായും തീർന്നു. എൺപതുകളിൽ ആഫ്രിക്ക, ലാറ്റിനമേരിക്ക ഭൂഖണ്ഡങ്ങളിലും പിന്നീട് ഏഷ്യയിലും അവർ തങ്ങളുടെ വല വിരിച്ചു.

ഇപ്പോൾ ലോകത്തിലെ 183 രാജ്യങ്ങൾ ലോകബാങ്കിലെ അംഗങ്ങളാണ്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യവികസനം, സദ്ഭരണം, ദാരിദ്ര്യനിർമാർജനം, പരിസ്ഥിതി സംരക്ഷണം, സ്ത്രീസമത്വം തുടങ്ങി ബാങ്കു മുന്നോട്ടു വയ്ക്കുന്ന ലക്ഷ്യങ്ങളുടെ പട്ടിക ആർക്കും സ്വീകാര്യമാകുന്നവയാണ്. 2001 വർഷത്തിൽ മാത്രം ബാങ്കും ഫണ്ടും അവയുടെ ഉപസ്ഥാപനങ്ങളും നൽകിയ വായ്പ 1700 കോടി ഡോളറാണ്. വാഷിങ്ടൺ ആണ് ഭരണകേന്ദ്രം. 8000 പേർ കേന്ദ്രത്തിലും രണ്ടായിരത്തിലധികം പേർ മറ്റു രാജ്യങ്ങളിലുമായി ജോലി ചെയ്യുന്നു. ഉന്നതാധികാരസമിതികളായ ബോർഡ് ഓഫ് ഗവർണേഴ്സും ഡയറക്ടർ ബോർഡുമാണ് ഭരണം നടത്തുന്നത്. 1995ൽ ജൂൺ ഒന്നു മുതൽ ജെയിംസ് ഡി വുൾഫെൻസൺ ആണ് ബാങ്കിന്റെ പ്രസിഡന്റ്. ഉപസ്ഥാപനങ്ങളായി ഐ. ബി. ആർ. ഡി, എം. ഐ. ജി. എ തുടങ്ങിയവയു(മുമ്പു പറഞ്ഞവയ്ക്കുപുറമേ ഉണ്ട്) പ്രാദേശികമായി പ്രവർത്തിക്കുന്നതിന് ഏഷ്യൻ വികസന ബാങ്ക് പോലുള്ള സ്ഥാപനങ്ങളും ഒട്ടേറെ ഫണ്ടുകളുമുണ്ട്. നമ്മുടെ(കു)പ്രസിദ്ധമായ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വായ്പ നൽകുന്നത് ഒരു ജപ്പാൻ ഫണ്ടാണ്.